LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സംഘങ്ങളിൽ മോഡൽ ബൈലോ

102(2303) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ വിവിധ കാറ്റഗറികൾക്കായി സർക്കാർ തലത്തിൽ മോഡൽ ബൈലോ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ മോഡൽ ബൈലോ നടപ്പിൽ വരുത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളിൽ സർവ്വീസ് സഹകരണ ബാങ്കുകൾക്കും ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾക്കും രജിസ്ട്രാർ അംഗീകരിച്ച നൽകിയ മോഡൽ ബൈലോ ഉണ്ടായിരുന്നു. എന്നാൽ ടി വിഭാഗം സംഘങ്ങളുടെ പ്രവർത്തന മേഖലയിലുണ്ടായ വിപുലീകരണത്തിനും സഹകരണ നിയമത്തിലും ചട്ടങ്ങളിലുമുണ്ടായ ഭേദഗതികൾക്കനുസൃതമായും ടി മോഡൽ ബൈലോകൾ പരിഷ്കരിച്ചിട്ടില്ല. കൂടാതെ മറ്റ് മേഖലകളിലെ സഹകരണ സംഘങ്ങൾക്ക് മോഡൽ ബൈലോ തയ്യാറാക്കിയിട്ടില്ല.

(ബി) 2015 ആഗസ്റ്റ് മാസം മൂന്നാറിൽ വച്ച് നടത്തിയ 'വിഷൻ 2025' ശിൽപ്പശാലയിൽ സഹകരണ സംഘങ്ങളുടെ മോഡൽ ബൈലോ തയ്യാറാക്കി നടപ്പിലാക്കണമെന്ന് തീരുമാനിച്ചിരുന്നു. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സഹകരണ സ്ഥാപനങ്ങൾവഴി സൗരോർജ്ജ സംവിധാനത്തിന് വായ്പ

103 (2304) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ വഴി സൗരോർജ്ജ സംവിധാനത്തിന് വായ്പയും സബ്സിഡിയും അനുവദിക്കുമെന്ന് 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സംഘങ്ങൾക്ക് എത്ര വീതം തുക നല്കിയെന്നും എവിടെയെല്ലാം എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സഹകരണ സ്ഥാപനങ്ങൾവഴി സൗരോർജ്ജ സംവിധാനത്തിന് വായ്പയും സബ്സിഡിയും അനുവദിക്കുമെന്ന് 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു.

(ബി) വായ്പായിനത്തിൽ നൽകുന്ന തുകയുടെ പലിശ വായ്പക്കാർക്ക് റീഇംപേഴ്സ് ചെയ്തു നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. സംഘങ്ങളിൽ നിന്നും നാളിതുവരെ ക്ലെയിം ലഭിച്ചിട്ടില്ലാത്തതിനാൽ തുക അനുവദിച്ച് നൽകിയിട്ടില്ല.